## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4174 — 16/3/2017-ലെ മറുപടിയ്ക്ക്

# തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.തോമസ് | ശ്രീ. റ്റി.പി. രാമകൃഷ്ണൻ (ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

എ) 775628 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | തിരുവനന്തപുരം | – 1,10,728 |
| 2. | കൊല്ലം | – 1,20,256 |
| 3. | പത്തനംതിട്ട | – 30,636 |
| 4. | ആലപ്പുഴ | – 58,911 |
| 5. | കോട്ടയം | – 44,384 |
| 6. | ഇടുക്കി | – 25,518 |
| 7. | എറണാകുളം | – 61,464 |
| 8. | തൃശ്ശൂർ | – 76,000 |
| 9. | പാലക്കാട് | – 33,915 |
| 10. | മലപ്പുറം | – 27,517 |
| 11. | കോഴിക്കോട് | – 88,700 |
| 12. | വയനാട് | – 13,547 |
| 13. | കണ്ണൂർ | – 65,167 |
| 14. | കാസർഗോഡ് | – 18,885 |
| | ആകെ | 7,75,628 |

ബി) ബോർഡുവഴി രജിസ്റ്റർ ചെയ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ;

ബി) ബോർഡുവഴി രജിസ്റ്റർ ചെയ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. റിട്ടയർമെന്റ് പെൻഷൻ
2. ഫാമിലി പെൻഷൻ
3. ഡിസബിലിറ്റി പെൻഷൻ
4. മെമ്പർ ഡിസബിലിറ്റി പെൻഷൻ

} 1000 രൂപ

5. പ്രസവാനുകൂല്യം – 15000/- രൂപ (അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി

പ്രകാരം സർക്കാരിൽ നിന്നുള്ള 13000/- രൂപയും ബോർഡിന്റെ ഫണ്ടിൽ നിന്നുള്ള 2000/- രൂപയും ചേർത്ത് ആകെ 15000/- രൂപ പ്രസവാനുകൂല്യമായി നൽകുന്നു)

6. ക്യാഷ് അവാർഡ് 10-ാം ക്ലാസ്സ് -1000 രൂപ
7. സ്കോളർഷിപ്പ്

| | |
|---|---|
| പ്ലസ് 1,പ്ലസ് 2 | -1000 രൂപ |
| ബി എ | -1000 രൂപ |
| ബികോം | -1000 രൂപ |
| ബി എസ്. സി | -1000 രൂപ |
| എം.എ | -2000 രൂപ |
| എം.എസ്.സി | -2000 രൂപ |
| എംകോം | -2000 രൂപ |
| എഞ്ചിനീയറിംഗ്, എം.ബി ബി എസ്, ബി ഡി എസ്, ബി എ എം എസ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് | 5000 രൂപ |
| പോളിടെക്നിക് ഡി എച്ച് എം എസ് എൽ എൽ ബി എം ബി എ, ബി എസ് സി, എം സി.എ, തുടങ്ങിയ കോഴ്സുകൾക്ക് | 4000 രൂപ |
| ബി എഡ് | - 700 രൂപ |
| ഐ റ്റി ഐ, ഐ റ്റി സി ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് | - 600 രൂപ |

8. മരണാനന്തര ധനസഹായം -25000 രൂപ
9. ചികിത്സാ ധനസഹായം -1000-5000 രൂപ വരെ
10. വിവാഹാനുകൂല്യം
    പുരുഷൻ 1000 രൂപ
    സ്ത്രീ 2000 രൂപ
11. റിട്ടയർമെന്റ് ആനുകൂല്യം - ക്ഷേമനിധിയിൽ അടച്ച തുകയും വർഷവും കണക്കാക്കി നൽകുന്നു.

| | | | |
|---|---|---|---|
| സി) | തൊഴിലാളികളുടെ ആനുകൂല്യം അവസാനമായി വർദ്ധിപ്പിച്ച തെന്നാണെന്ന് വിശദമാക്കാമോ; | സി) | 02.03.2016 തീയതിയിലെ സ.ഉ.(സാധാ) നം. 370/16/തൊഴിൽ ഉത്തരവ് പ്രകാരം മരണാനന്തര ധനസഹായം 25000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 06.08.2016 തീയതിയിലെ സ. ഉ (കൈ) നമ്പർ 129/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധി പെൻഷനുകൾ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 20.09.2008 തീയതിയിലെ ജി.ഒ(ആർ.റ്റി) 2490/2008/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സ്കോളർഷിപ്പും ക്യാഷ് അവാർഡും വർദ്ധിപ്പിച്ചു. 27.03.2012 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 52/2012/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അധിക പ്രസവ ധനസഹായം 13000/- രൂപയായി നൽകി വരുന്നു. 30.09.2008 തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 136/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വിവാഹ ധനസഹായം സ്ത്രീകൾക്ക് 2000 രൂപയും പുരുഷന് 1000 രൂപയും പ്രസവാനുകൂല്യം 2000 രൂപയുമായി വർദ്ധിപ്പിച്ചു. 02.12.2005 തീയതിയിലെ സ.ഉ.(പി). നമ്പർ 100/2005/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചികിത്സാധനസഹായം പരമാവധി 5000 രൂപയായി വർദ്ധിപ്പിച്ചു. |
| ഡി) | ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) യും (ഇ) യും | ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി ലഭിച്ചിട്ടുള്ള പരാതികളിൻമേൽ പരിശോധന നടത്തി വരുന്നു. |
| ഇ) | ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുമോ; വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ